# തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ- ആരോഗ്യ വകുപ്പിലെ സീനിയർ സൂപ്രണ്ട്/ലേ സെക്രട്ടറി അക്കൗണ്ട്സ് ആഫീസർ എന്നീ തസ്തികയിലെ 30/6/2018 വരെയുള്ള കാലയളവിലെ താത്കാലിക സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചുകൊണ്ടുള്ള ഉത്തരവ്.

സൂചന:- ഉത്തരവ് നം. ഇ.എസ്.2/28107/2017/ആ.വ.ഡ തീയതി 28/6/2017.

**ഉത്തരവ് നം. ഇ.എസ്.2/57468/2018/ആ.വ.ഡ/തീയതി: 18/7/2017**

സൂചനപ്രകാരം ആരോഗ്യവകുപ്പിലെ സീനിയർ സൂപ്രണ്ട് / ലേ സെക്രട്ടറി അക്കൗണ്ട്സ് ആഫീസർ / ജൂനിയർ സൂപ്രണ്ട് / ഹെഡ് ക്ലാർക്ക് തുടങ്ങിയ തസ് തികയിലെ 30/4/2017 വരെയുള്ള കാലയളവിലെ അന്തിമ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. ആയതിൻെറ തുടർച്ചയായി ആരോഗ്യവകുപ്പിലെ സീനിയർ സൂപ്രണ്ട് / ലേ സെക്രട്ടറി അക്കൗണ്ടസ് ആഫീസർമാരുടെ 30/6/2018 വരെയുള്ള കാലയളവിലെ പ്രാഥമിക സീനിയോറിറ്റി പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പ്രസ്തുത സീനിയോറിറ്റി പട്ടികയ്ക്കെതിരെ ആർക്കെങ്കിലും ആക്ഷേപം സമർപ്പിക്കാനുണ്ടെങ്കിൽ അവ ഈ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം നേരിട്ടോ തപാൽ മാർഗമോ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ എത്തിച്ചു തരേണ്ടതാണ്. നിശ്ചിത തീയതിക്കുശേഷം ലഭിക്കുന്ന അപ്പീലുകൾ യാതൊരുകാരണവശാലും പരിഗണിക്കുന്നതല്ല.

പ്രസ്തുത സീനിയോറിറ്റി പട്ടിക എല്ലാ ജില്ലയിലേയും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറുമാർ വിശദമായി പരിശോധിക്കേണ്ടതും അവരവരുടെ ജില്ലയിലെ മുഴുവൻ സീനിയർ സൂപ്രണ്ട് / ലേ സെക്രട്ടറിമാർ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും, അവരുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് ശരിയാണെന്നും ഉറപ്പ് വരുത്തേണ്ടതാണ്. ഏതെങ്കിലും തരത്തിലുള്ള ആക്ഷേപങ്ങൾ ഇത് സംബന്ധമായി ലഭ്യമാകുന്നുവെങ്കിൽ ആയത് നിശ്ചിത സമയ പരിധിക്കുള്ളിൽ എത്തിച്ച് തരുന്നതിന് പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതാണ്. ജില്ലയിൽ ഇപ്പോൾ നിലവിലുള്ള സീനിയർ സൂപ്രണ്ടുമാർ / ലേ സെക്രട്ടറിമാർ അവർ ജോലി ചെയ്യുന്ന സ്ഥാപനത്തിനെ വിവരം പ്രത്യേകമായി പട്ടിക തയ്യാറാക്കി അയച്ച് തരേണ്ടതാണ്.

(ഒപ്പ്)
ഡോ. ആർ.എൽ. സരിത
ആരോഗ്യവകുപ്പ് ഡയറക്ടർ

പകർപ്പ്:1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2)എല്ലാ സ്ഥാപന മേലധികാരികൾക്കും
3) ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4)ഇ.ഡി3 സെക്ഷൻ
5)ഫയൽ / സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ

സൂപ്രണ്ട്